കാരുണ്യ പദ്ധതിയിൽ തുക റീഫണ്ട് ചെയ്യ കിട്ടാത്ത സംഭവം

144 (7980) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതിയിൽ ചികിത്സാ സഹായത്തിന് അപേക്ഷ നൽകുകയും തുക പാസ്സാക്കുകയും ചെയ്ത കേസിൽ ചികിത്സയോ ഓപ്പറേഷനോ കഴിഞ്ഞ് വളരെക്കാലം കഴിഞ്ഞിട്ടും തുക റീഫണ്ട് ചെയ്ത് കിട്ടാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ;

(ബി) ബൈപ്പാസ് ശസ്ത്രക്രിയക്ക് വിധേയനാവുകയും കാരുണ്യ പദ്ധതിപ്രകാരം അപേക്ഷ നൽകി ആലപ്പുഴ നിന്നും കെ.ബി.എഫ്/എ.എൽ.പി./ എഫ് 4/01176/2013 തീയതി 1-7-2013 ആയി അയച്ച് 1,50,000 രൂപ അനുവദിച്ചു എന്ന് അറിയിപ്പ് ലഭിക്കുകയും ചെയ്ത (റഫ. നമ്പർ 19456) ശ്രീ. യു. മോഹനൻ, ലതിക ഭവൻ, വാരനാട് പി.ഒ എന്നയാളിന് ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള തുക കഴിച്ച് ബാക്കി ഇനിയും ലഭിച്ചിട്ടില്ലെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; ഈ തുക നൽകുന്നതിലെ തടസ്സം എന്താണെന്ന് പറയാമോ ; അടിയന്തരമായി ഈ തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആശുപത്രിയിലേയ്ക്ക് രോഗിക്ക് അനുവദിക്കുന്ന ചികിത്സാ ധനസഹായതുക രോഗി ചികിത്സയ്ക്കായി ഉപയോഗിച്ചു കഴിഞ്ഞതിനുശേഷം ബാക്കിവരുന്ന തുകയാണ് റീഫണ്ടായി ലഭിക്കുന്നത്. അപേക്ഷകർ അപേക്ഷ യോടൊപ്പം ഉൾപ്പെടുത്തേണ്ട അനുബന്ധ രേഖകൾ പലതും യഥാസമയം ഹാജരാക്കാത്തതിനാലും ആശുപത്രി കളിൽനിന്നും റീഫണ്ട് തുക യഥാസമയം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് ലഭിക്കാത്തതിനാലുമാണ് രോഗികൾക്ക് റീഫണ്ട് തുക ലഭിക്കുവാൻ കാലതാമസം നേരിടുന്നത്.

(ബി) ശ്രീ. യു. മോഹനൻ, ലതിക ഭവൻ, വാരനാടിന് കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം 1,50,000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്നു. ആശുപത്രിയിൽ ചിലവഴിക്കാത്ത 1,50,000 രൂപ തിരികെ റീഫണ്ടായി ലഭിച്ചിട്ടുണ്ട്. ശ്രീ. യു. മോഹനന്റെ റീ-ഇംബേഴ്മെന്റിനുള്ള അപേക്ഷ പരിശോധിക്കുകയും 1,36,792 രൂപ റീ-ഇംബേഴ്മെന്റായി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തുക ശ്രീ. യു. മോഹനന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly